ടി.കെ ഉബൈദ്



സൂറ - 45

# അൽ ജാഥിയഃ

**സൂക്തം 07-10**

തലമുറകളായി ആചരിച്ചുവരുന്ന ജീവിത ക്രമത്തിൽനിന്ന് പുതിയൊരു ജീവിതക്രമത്തിലേക്ക് മാറാൻ തയാറല്ലാത്തവർ. അതിനാൽ, ചില ഖുർആൻ സൂക്തങ്ങളിൽ പറയുന്നത് ശുദ്ധ സത്യവും സദുപദേശവുമാണെന്ന് മനസ്സിലായാലും അതു ദുർവ്യാഖ്യാനം ചെയ്ത് അതിലടങ്ങിയ സത്യദർശനത്തെയും ധാർമിക നൈതിക യാഥാർഥ്യങ്ങളെയും അബദ്ധങ്ങളും അപഹാസ്യങ്ങളുമായ ആഖ്യാനങ്ങളാക്കി ചിത്രീകരിച്ച് പുഛിച്ചു തള്ളിക്കളയുന്നു.

---

وَيْلٌ لِّكُلِّ أَفَّاكٍ أَثِيمٍ ﴿٧﴾ يَسْمَعُ ءَايَٰتِ ٱللَّهِ تُتْلَىٰ عَلَيْهِ ثُمَّ يُصِرُّ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا ۖ
فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٨﴾ وَإِذَا عَلِمَ مِنْ ءَايَٰتِنَا شَيْـًٔا ٱتَّخَذَهَا هُزُوًا ۚ أُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٩﴾
مِّن وَرَآئِهِمْ جَهَنَّمُ ۖ وَلَا يُغْنِى عَنْهُم مَّا كَسَبُوا۟ شَيْـًٔا وَلَا مَا ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ ۖ
وَلَهُمْ عَذَابٌ عَظِيمٌ ﴿١٠﴾

*7*

*കൊടും കള്ളം ചമക്കുന്ന മഹാപാതകികൾക്കൊക്കെയും മഹാനാശമുണ്ട്.*

*8*

*താൻ ഓതിക്കേൾപ്പിക്കപ്പെടുന്ന ദൈവിക സൂക്തങ്ങൾ അവൻ കേൾക്കുന്നു, എന്നിട്ടതു കേൾക്കുന്നേയില്ല എന്ന മട്ടിൽ അഹന്തയോടെ അസത്യത്തിൽ ശഠിച്ചു നിൽക്കുന്നു. അവനെ കൊടിയ ശിക്ഷയുടെ സുവിശേഷമറിയിച്ചു കൊള്ളുക.*

*9*

*നമ്മുടെ സൂക്തങ്ങളിൽ വല്ലതും അറിഞ്ഞുകഴിഞ്ഞാൽ അവനതിനെ പരിഹസിച്ചു തള്ളുകയായി. അത്തരക്കാർക്കുള്ളത് നിന്ദ്യമായ ശിക്ഷയത്രെ.*

*10*

*അവരുടെ കാണാപ്പുറത്ത് നരകമുണ്ട്. അവിടെ, അവർ സമ്പാദിച്ചു കൂട്ടിയതൊന്നും ഒരു പ്രയോജനവും ചെയ്യുകയില്ല. അല്ലാഹുവിനെ വെടിഞ്ഞ് അവർ സ്വീകരിച്ച രക്ഷകരാരും സഹായിക്കുകയുമില്ല. ഭയങ്കരമായ ശിക്ഷ തന്നെയാണവർക്കുള്ളത്.*

| | |
|---|---|
| (മഹാ)നാശം, നരകം ഉണ്ട് | وَيْلٌ |
| കൊടും കുറ്റവാളിയായ കള്ളം ചമക്കുന്നവർക്ക് (കള്ളം ചമക്കുന്ന മഹാപാതകികൾക്ക്) ഒക്കെയും | لِّكُلِّ أَفَّاكٍ أَثِيمٍ |
| ദൈവിക സൂക്തങ്ങൾ അവൻ കേൾക്കുന്നു | يَسْمَعُ آيَاتِ اللَّهِ |
| താൻ ഓതിക്കേൾപ്പിക്കപ്പെടുന്ന | تُتْلَىٰ عَلَيْهِ |
| എന്നിട്ടവൻ (അസത്യത്തിൽ) ശഠിച്ചു നിൽക്കുന്നു | ثُمَّ يُصِرُّ |
| അഹ(ന്തയോടെ)ങ്കാരിയായിട്ട് | مُسْتَكْبِرًا |
| അവനതു കേട്ടിട്ടേയില്ല എന്ന മട്ടിൽ | كَأَن لَّمْ يَسْمَعْهَا |
| അവനെ സുവിശേഷമറിയിച്ചുകൊള്ളുക | فَبَشِّرْهُ |
| വേദനിക്കുന്ന (കൊടിയ) ശിക്ഷയുടെ | بِعَذَابٍ أَلِيمٍ |
| നമ്മുടെ സൂക്തങ്ങളിൽനിന്ന് ഒരു വസ്തു (വല്ലതും) അവൻ അറിഞ്ഞാൽ (റിഞ്ഞുകഴിഞ്ഞാൽ) | وَإِذَا عَلِمَ مِنْ آيَاتِنَا شَيْئًا |
| അവൻ അതിനെ പരിഹാസമായിട്ട് എടുത്തു (പരിഹസിച്ചു തള്ളുകയായി) | اتَّخَذَهَا هُزُوًا |
| അത്തരക്കാർക്കുള്ളത് നിന്ദ്യമായ ശിക്ഷയത്രെ | أُولَٰئِكَ لَهُمْ عَذَابٌ مُّهِينٌ |
| അവരുടെ പിന്നിൽ (കാണാപ്പുറത്ത്) നരകമുണ്ട് | مِّن وَرَائِهِمْ جَهَنَّمُ |
| അവർക്ക് പ്രയോജനം ചെയ്യുകയില്ല | وَلَا يُغْنِي عَنْهُم |
| അവർ സമ്പാദിച്ച(ച്ചു കൂട്ടിയ)തൊന്നും | مَّا كَسَبُوا |
| ഒരു വസ്തുവിനെ(യാതൊരു) | شَيْئًا |
| അല്ലാഹുവിനെ വെടിഞ്ഞ് അവർ സ്വീകരിച്ച രക്ഷകരും പ്രയോജനം ചെയ്യുകയില്ല (രക്ഷകർ ആരും സഹായിക്കുകയുമില്ല) | وَلَا مَا اتَّخَذُوا مِن دُونِ اللَّهِ أَوْلِيَاءَ |
| ഭയങ്കരമായ ശിക്ഷ തന്നെയാണ് അവർക്കുള്ളത് | وَلَهُمْ عَذَابٌ عَظِيمٌ |

**പാവങ്ങളെ സഹായിക്കാൻ ഇസ്‌ലാം ആവിഷ്‌കരിച്ച ഉദാത്തവും യുക്തിയുക്തവുമായ നിയമമാണ് സകാത്ത് വിതരണം.**

മുൻ സൂക്തം പ്രസ്താവിച്ച, ദൈവിക സൂക്തങ്ങൾ തള്ളിക്കളഞ്ഞ്, സ്വേഛാനുസാരം ഭൗതികാഖ്യാനങ്ങൾ സ്വീകരിച്ച് സത്യജ്ഞാനത്തെ അട്ടിമറിക്കുന്നവരെ രൂക്ഷമായി വിമർശിക്കുകയാണീ സൂക്തങ്ങൾ. നാശനഷ്ടവും കഷ്ടപ്പാടുമാണ് ഭാഷയിൽ وَيْلٌ. ഹാ, ഞങ്ങളുടെ ദൗർഭാഗ്യം -കഷ്ടകാലം- എന്ന അർഥത്തിലുള്ള പരിദേവനമാണ് يا ويلنا. ശാപവാക്കായും وَيْلٌ ഉപയോഗിക്കും. وَيْلَك- നീ നശിക്കട്ടെ. ഈ സൂക്തത്തിലെ وَيْلٌ കൊടുമയേറിയ ഒരു നരകമേഖലയാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. أَفَّاكٍ أَثِيم നേരത്തെ 26: 222 സൂക്തത്തിൽ വന്നിട്ടുള്ളതാണ്. ഏറെ കള്ളങ്ങൾ കെട്ടിച്ചമച്ച് പ്രചരിപ്പിച്ച് സത്യത്തെ തലകീഴാക്കുന്നവരായ കൊടും പാപികളാണ് ഇവിടെ ഉദ്ദേശ്യം. അടിമേൽ മറിക്കുന്നവൻ എന്നൊരർഥവും കൂടിയുണ്ട് أَفَّاك ന്. افك ആണ് ഇതിന്റെ മൂലപദം. ഇതിൽനിന്നുള്ള مُئْتَفِكَة കീഴ്മേൽ മറിഞ്ഞത് എന്ന അർഥത്തിൽ 53:53-ൽ വന്നിരിക്കുന്നു. പാപത്തിനും പാപത്തിന്റെ ഫലമായി ഉണ്ടാകുന്ന ദുരിതത്തിനും ശിക്ഷക്കും رجز എന്നു പറയും. ശാരീരിക ക്ലേശമേറിയ ശിക്ഷയാണ് عَذَاب أَلِيم. മാനസിക പീഡയും അപമാനവുമേറിയ ശിക്ഷയാണ് عَذَاب مهين. മൂന്നാമതു പറഞ്ഞ عَذَاب عَظِيم ശാരീരികമായും മാനസികമായും അതിഭയങ്കരമായി അനുഭവപ്പെടുന്ന ശിക്ഷയാണ്. ആദ്യം പറഞ്ഞ وَيْل-ന്റെ വിശദീകരണമാണ് ഈ

മൂന്നു വാക്കുകളും. കൊടിയ ശിക്ഷയുടെ സുവിശേഷമറിയിക്കുക -فبشره- എന്നത് പരിഹാസോക്തിയാണ്. انذره- അവനെ താക്കീതു ചെയ്യുക, മുന്നറിയിപ്പ് നൽകുക എന്നാണ് താൽപര്യം. സത്യസൂക്തങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതും, അന്ധവിശ്വാസത്തിലും അനാചാരത്തിലും ഉറച്ചുനിൽക്കുന്നതും വലിയ വിജയമായിട്ടാണല്ലോ അവർ കാണുന്നത്. ആ വിജയത്തിന് ലഭിക്കാനിരിക്കുന്ന സമ്മാനം എന്ന ഭാവത്തിലാണ് സുവിശേഷം എന്ന പ്രയോഗം.

സൂക്തസാരം: ഖുർആൻ സൂക്തങ്ങളെ തള്ളിപ്പറയുകയും അതിന്റെ ആശയങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് അട്ടിമറിച്ച് പരിഹസിക്കുകയും ചെയ്യുകയാണ് ഖുറൈശി തലവന്മാർ. കൊടും പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന മഹാപാപികളാണവർ. സത്യനിഷേധത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ധ്വജവാഹകരായ അത്തരക്കാർ എല്ലാ കാലത്തും എവിടെയും ഉണ്ടാകും. അവരെയെല്ലാവരെയും കാത്തിരിക്കുന്നത് നിത്യനരകത്തിന്റെ കഠിന ദുരിതങ്ങൾ നിറഞ്ഞ ഗേഹങ്ങളാണ്. അതിലവർ ശാരീരികമായും മാനസികമായും കൊടും പീഡനങ്ങൾക്കിരയാകുന്നു. ആളിക്കത്തുന്ന നരകത്തിൽ കിടന്ന് കരിയുക. ഓരോ വട്ടം ചർമം കരിയുമ്പോഴും പുതിയ പുതിയ ചർമമുണ്ടായി യാതനയുടെ നൈരന്തര്യം ഉറപ്പാക്കുന്നു. സഖൂം വൃക്ഷം പോലുള്ള, ഇറക്കാനും തുപ്പാനും കഴിയാത്ത ദുഷ്ട വിഭവങ്ങൾ ഭുജിക്കുക, ചീഞ്ചലം പോലുള്ള ദുർനീരുകൾ കുടിക്കുക ഇതൊക്കെയാണ് ശാരീരിക പീഡനങ്ങൾ. തങ്ങൾ നീചരും നികൃഷ്ടരും മഹാപാപികളും എന്നപമാനിക്കുകയും, മർദിക്കുകയും, വേദസൂക്തങ്ങളെന്ന പേരിൽ മുഹമ്മദ് പ്രചരിപ്പിക്കുന്ന ദുർമന്ത്രങ്ങളിൽ മോഹിതരായ വിഡ്ഢികളെന്ന് പരിഹസിക്കുകയും ചെയ്തവർ സർവസുഖ സൗഭാഗ്യങ്ങളനുഭവിച്ചുകൊണ്ട് നിത്യസ്വർഗത്തിൽ വാഴുന്നത് കാണുമ്പോഴുണ്ടാകുന്ന നാണക്കേടും അപകർഷബോധവും സ്വയം നിന്ദയും നഷ്ടബോധവും ദുഃഖവുമൊക്കെയാണ് അപമാന ശിക്ഷ. ഇതു രണ്ടും ഒരുമിച്ചനുഭവിക്കേണ്ടി വരുന്നത് അതിഭയാനക ശിക്ഷ -عَذَابٌ عَظِيمٌ- തന്നെ.

ഖുറൈശി പ്രമുഖരായ أَفَّاكٍ أَثِيمٍ ദൈവിക ദീനിനെക്കുറിച്ചറിയാത്തതുകൊണ്ട് വിശ്വസിക്കാതിരുന്നവരല്ല. ദൈവിക സന്ദേശം ലഭിച്ചിട്ടും അതു മനസ്സിലാകാത്തതിനാൽ മാറിനിന്നവരുമല്ല. അവരുടെ കാര്യം വേറെ പരിഗണിക്കപ്പെടുന്നതാണ്. സത്യധർമങ്ങൾ ഉപദേശിക്കുന്ന ദൈവിക സൂക്തങ്ങൾ കേൾക്കാൻ മനഃപൂർവം കൂട്ടാക്കാതെ അസത്യത്തിലും അധർമത്തിലും ഉറച്ചു നിൽക്കുന്ന أَفَّاكٍ أَثِيمٍ നെ നയിക്കുന്നത് സദ്വിചാരമോ ധർമബോധമോ ദൈവവിശ്വാസമോ സത്യസ്നേഹമോ അല്ല. പ്രത്യുത, അഹങ്കാര പ്രമത്തതയും ജഡികേഛകളുമാണ്. ദരിദ്രനും സാധാരണക്കാരനുമായ മുഹമ്മദി(സ)നെ സമ്പന്നരും സ്ഥാനികളുമായ തങ്ങളുടെ ഗുരുവും മാർഗദർശിയുമായി അംഗീകരിക്കുന്നതിൽനിന്ന് അതവരെ വിലക്കുന്നു. മുഹമ്മദ്(സ) അംഗീകരിക്കപ്പെട്ടാൽ തങ്ങൾ നിഷ്പ്രഭരാകുമെന്ന് ഭയക്കുന്നു. ഖുർആനിനെ വേദമായി അംഗീകരിച്ചാൽ അതിന്റെ അനിവാര്യതയായി മുഹമ്മദിന്റെ പ്രവാചകത്വവും അംഗീകരിക്കപ്പെടും. അതോടെ അയാൾ നേതാവും തങ്ങൾ അയാളുടെ നീതരുമായി മാറും. അവരുടെ ദുരഭിമാനം അതനുവദിക്കുന്നില്ല. അതിനുപുറമെ ഖുർആൻ അവതരിപ്പിക്കുന്ന ജീവിത വീക്ഷണവും വിധിവിലക്കുകളും അവരുടെ ഭൗതിക പ്രമത്തമായ അനിയന്ത്രിത ജീവിതത്തിന് കടിഞ്ഞാണിടുന്നതും സ്വാതന്ത്ര്യം ഹനിക്കുന്നതുമാണ്. തലമുറകളായി ആചരിച്ചുവരുന്ന ജീവിത ക്രമത്തിൽനിന്ന് പുതിയൊരു ജീവിതക്രമത്തിലേക്ക് മാറാൻ തയാറല്ലാത്തവർ. അതിനാൽ, ചില ഖുർആൻ സൂക്തങ്ങളിൽ പറയുന്നത് ശുദ്ധ സത്യവും സദുപദേശവുമാണെന്ന് മനസ്സിലായാലും അതു ദുർവ്യാഖ്യാനം ചെയ്ത് അതിലടങ്ങിയ സത്യദർശനത്തെയും ധാർമിക നൈതിക യാഥാർഥ്യങ്ങളെയും അബദ്ധങ്ങളും അപഹാസ്യങ്ങളുമായ ആഖ്യാനങ്ങളാക്കി ചിത്രീകരിച്ച് പുച്ഛിച്ചു തള്ളിക്കളയുന്നു. സ്വയം ഖുർആൻ കേൾക്കാതിരിക്കുന്നതോടൊപ്പം അതു കേൾക്കരുതെന്ന് പ്രമാണിമാർ സാധാരണക്കാരെ ഉപദേശിക്കുകയും ചെയ്തിരുന്നു. എങ്കിലും തങ്ങൾക്കൊപ്പം ജീവിക്കുന്ന പ്രവാചകനിൽനിന്നും വിശ്വാസികളിൽനിന്നും പലപ്പോഴും ഖുർആൻ കേൾക്കുകയും അതിൽ ചിലതൊക്കെ മനസ്സിൽ തട്ടുകയും ചെയ്തിരുന്നു. ചില സന്ദർഭങ്ങളിൽ തങ്ങളതു കേൾക്കുന്നേയില്ല എന്ന മട്ടിൽ അഹന്തയോടെ അകന്നു മാറിയാൽ മതിയാവില്ല. ഖുർആൻ കേൾക്കാനിടയാകുന്ന സാധാരണക്കാരും നിഷ്പ

**മതങ്ങളുടെ കൂട്ടത്തിൽ സ്ത്രീകൾക്ക് ഏറെ പരിഗണനയും ആദരവും നൽകുന്ന മതമാണ് ഇസ്‌ലാം.**

ക്ഷ ശ്രോതാക്കളും അതെപ്പറ്റി നേതാക്കളോട് സംസാരിച്ച് അഭിപ്രായം തേടാറുണ്ടായിരുന്നു. തങ്ങൾക്കു കൂടി ബോധ്യപ്പെട്ട യാഥാർഥ്യങ്ങളെ നേർക്കുനേരെ തള്ളിപ്പറയാനോ ഖണ്ഡിക്കാനോ നേതാക്കൾക്ക് കഴിഞ്ഞിരുന്നില്ല. അപ്പോൾ സാമാന്യ ജനത്തെ തെറ്റിദ്ധരിപ്പിച്ചു കൂടെ നിർത്താൻ അവർ കണ്ടെത്തിയ ആത്മവഞ്ചനാപരമായ തന്ത്രമാണ് ഖുർആൻ സൂക്തങ്ങളെ ദുർവ്യാഖ്യാനിച്ച് അപഹാസ്യമായ അബദ്ധ ജൽപനങ്ങളായി ചിത്രീകരിക്കുക. ഇക്കാലത്തും ഇസ്‌ലാം വിരുദ്ധർ ഈ തന്ത്രം ഗണ്യമായി പ്രയോഗിക്കുന്നുണ്ട്. പാവങ്ങളെ സഹായിക്കാൻ ഇസ്‌ലാം ആവിഷ്കരിച്ച ഉദാത്തവും യുക്തിയുക്തവുമായ നിയമമാണ് സകാത്ത് വിതരണം. അതിനെ പരിഹസിച്ചുകൊണ്ട് ഒരു ഇടതുപക്ഷ ഇസ്‌ലാം വിരുദ്ധൻ ഒരു വാരികയിൽ എഴുതിയതോർക്കുന്നു: സമ്പന്നർ അവരുടെ സമ്പത്തിന്റെ ചെറിയൊരംശം ദരിദ്രരിൽ വിതരണം ചെയ്യണമെന്നു നിശ്ചയിച്ച ഇസ്‌ലാം മതം ആഗ്രഹിക്കുന്നത്, സമുദായത്തിൽ സമ്പത്ത് കുന്നുകൂട്ടിയ ധനികരായ ഒരു വിഭാഗവും, അവരുടെ ഔദാര്യം കൊതിച്ചു കഴിയുന്ന ഒരു ദരിദ്ര വിഭാഗവും എന്നും ഉണ്ടായിരിക്കണമെന്നാണ്. കമ്യൂണിസ്റ്റ് വ്യവസ്ഥയടക്കം എല്ലാ രാഷ്ട്രീയ വ്യവസ്ഥകളും പൗരസഞ്ചയത്തിന്റെ ആരോഗ്യ സംരക്ഷണത്തിനുള്ള സ്ഥിരം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. പൗരന്മാർ അല്ലെങ്കിൽ അവരിൽ ഒരു വിഭാഗം രോഗികളായിരിക്കണമെന്ന് ഗവണ്മെന്റുകൾ ആഗ്രഹിക്കുന്നുവെന്നാണോ അതിനർഥം? മതങ്ങളുടെ കൂട്ടത്തിൽ സ്ത്രീകൾക്ക് ഏറെ പരിഗണനയും ആദരവും നൽകുന്ന മതമാണ് ഇസ്‌ലാം. സമൂഹത്തിൽ സദാചാര വ്യവസ്ഥ നിലനിർത്തുന്നതിനു വേണ്ടി ഇസ്‌ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും ചില പെരുമാറ്റച്ചട്ടങ്ങൾ നിർദേശിച്ചിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും വ്യത്യസ്ത പ്രകൃതിക്കാരായതുകൊണ്ട് രണ്ടു കൂട്ടർക്കുമുള്ള പെരുമാറ്റച്ചട്ടം സ്വാഭാവികമായും വ്യത്യസ്തമാണ്. ഇസ്‌ലാം വിരോധികൾ, പാശ്ചാത്യർ വിശേഷിച്ചും ഈ വ്യത്യാസത്തെ ഇസ്‌ലാമിന്റെ സ്ത്രീവിരുദ്ധതയുടെയും സ്വാതന്ത്ര്യ നിഷേധത്തിന്റെയും അടിച്ചമർത്തലിന്റെയുമൊക്കെ ചിഹ്നമായെടുത്ത് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വസ്ത്രധാരണ രീതിയാണ് ഏറെ വിമർശിക്കപ്പെടുന്നത്. ഇസ്‌ലാം സ്ത്രീകളോടനുശാസിക്കുന്ന, ശരീരം പൂർണമായി മറയ്ക്കുന്ന വസ്ത്രധാരണം തന്നെയാണ് മറ്റൊരു രീതിയിൽ പാശ്ചാത്യ ലോകത്ത് പുരുഷന്മാർ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. അതു പുരുഷ വിരുദ്ധതയോ പുരുഷന്മാരുടെ സ്വാതന്ത്ര്യഹനനമോ ആയി ആരും കാണുന്നില്ല. ഇസ്‌ലാമിക ദർശനങ്ങളെയും ധാർമിക-നൈതിക നിയമങ്ങളെയും തകർക്കാൻ വെമ്പുന്നവർ അത് അസാധ്യമാണെന്നു കാണുമ്പോൾ സ്വയം വഞ്ചിക്കാനും ജനങ്ങളെ വഞ്ചിക്കാനും അവലംബിക്കുന്ന കുയുക്തികളും വിതണ്ഡവാദങ്ങളുമാണിതൊക്കെ. ചില മുസ്‌ലിം സഹോദരങ്ങൾ പോലും അതിലൊക്കെ വീണുപോകുന്നുവെന്നത് ദുഃഖകരമാകുന്നു.

ഭൗതികാഭിനിവേശങ്ങൾക്കും ആസക്തികൾക്കും വശംവദരായി ദൈവിക ദീനിനെതിരെ ദുർന്യായങ്ങളും തെറ്റുധാരണകളും പ്രചരിപ്പിച്ച് ജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നവർ, അതിന് അനന്തരഫലങ്ങളൊന്നും ഉണ്ടാവില്ലെന്ന് വിചാരിക്കുന്നുവെങ്കിൽ അത് കേവലം വ്യാമോഹമാണ്. അവരുടെ ബാഹ്യമായ കാഴ്ചക്കപ്പുറത്ത് കത്തിയെരിയുന്ന നരകം അവരെ സ്വീകരിക്കാൻ സജ്ജമാക്കപ്പെട്ടിരിക്കുന്നു. مِّن وَرَائِهِمْ جَهَنَّمُ- പിന്നിൽ നരകമുണ്ട്, എന്നാണ് മൂലവാക്യം. وَرَاء -ന് പിന്ന് എന്നും മുന്ന് എന്നും, കാഴ്ചയുടെ മറവിൽ അഥവാ കാഴ്ചക്കപ്പുറം എന്നും അർഥമാവാം. ഒടുവിൽ പറഞ്ഞതാണ് ഇവിടെ കൂടുതൽ യോജിക്കുക. ദൈവധിക്കാരം കൊണ്ടും മതനിഷേധം കൊണ്ടും അവർ നേടിയ സമ്പത്തും സ്ഥാനമാനങ്ങളും അധികാരവും ജനസ്വാധീനവും നരകം പ്രാപിക്കുന്നവർക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. സത്യവിശ്വാസവും സൽക്കർമവും മാത്രമേ പ്രയോജനപ്പെടൂ. സമ്പത്തിലോ സ്ഥാനമാനങ്ങളിലോ മറ്റു ഭൗതിക നേട്ടങ്ങളിലോ ആകൃഷ്ടനായിട്ടാണോ താൻ ഭൗതികവാദിയും നാസ്തികനുമായത് എന്ന് ഓരോ ഭൗതികനും നാസ്തികനും ആത്മപരിശോധന നടത്തിനോക്കുക. പരലോകത്ത് രക്ഷകരാകും എന്നു കരുതി ആരാധിച്ചിരുന്ന ബഹുദൈവങ്ങളെയും പുണ്യാത്മാക്കളെയും പ്രതിഷ്ഠകളെയുമൊന്നും അവിടെ കാണുകയില്ല. ഭയാനകമായ നരകശിക്ഷ ഓരോരുത്തനും ഒറ്റക്കുതന്നെ അനുഭവിക്കേണ്ടിവരും. ●

**ഭൗതികാഭിനിവേശങ്ങൾക്കും ആസക്തികൾക്കും വശംവദരായി ദൈവിക ദീനിനെതിരെ ദുർന്യായങ്ങളും തെറ്റുധാരണകളും പ്രചരിപ്പിച്ച് ജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നവർ, അതിന് അനന്തരഫലങ്ങളൊന്നും ഉണ്ടാവില്ലെന്ന് വിചാരിക്കുന്നുവെങ്കിൽ അതു കേവലം വ്യാമോഹമാണ്. അവരുടെ ബാഹ്യമായ കാഴ്ചക്കപ്പുറത്ത് കത്തിയെരിയുന്ന നരകം അവരെ സ്വീകരിക്കാൻ സജ്ജമാക്കപ്പെട്ടിരിക്കുന്നു.**